# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 559 29.11.2018 -ൽ മറുപടിക്ക്

**പ്രളയം മൂലം സംരംഭകർക്കുണ്ടായ നഷ്ടം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ.അബ്ദു റബ്ബ്<br>,, ടി.എ.അഹമ്മദ് കബീർ<br>,, കെ.എൻ.എ ഖാദർ<br>,, എൻ .എ.നെല്ലിക്കുന്ന് | ശ്രീ. ഇ.പി. ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| എ) | പ്രളയ ദുരന്തത്തിലെ നഷ്ടത്തിൽ നിന്നും കരകയറുന്നതിനായി ഇടത്തരം, ചെറുകിട,മൈക്രോ സംരംഭകർക്ക മാത്രമായി പലിശ ഇളവ് ഉൾപ്പെടെയുള്ള പാക്കേജ് നടപ്പിലാക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; | എ) | പ്രളയ ദുരന്തത്തിലെ നഷ്ടത്തിൽ നിന്നും എം.എസ്.എം.ഇ യൂണിറ്റുകളെ പുന:രുദ്ധരിക്കുന്നതിലേക്കായി 'ദുരിത ബാധിത പുനർ നിർമ്മാണ സംരംഭക സഹായ പദ്ധതി', 'പലിശ സഹായ പദ്ധതി' എന്നിങ്ങനെ രണ്ട് പദ്ധതികൾ 2019-20 സാമ്പത്തിക വർഷത്തിലെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാന പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട് . |
| ബി) | ഇതിനായി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (ബി) & (സി) | പ്രളയം മൂലം എം.എസ്.എം.ഇ യൂണിറ്റുകൾക്കു നേരിട്ട നഷ്ടം കണക്കാക്കുന്നതിലേക്കായി ഒരു മൊബൈൽ ആപ്ലിക്കേഷൻ രൂപീകരിച്ചിട്ടുണ്ട്. അതിൻപ്രകാരം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരുടെ ചുമതലയിൽ വ്യവസായ വികസന ആഫീസർമാർ ഓരോ യൂണിറ്റുകളും നേരിട്ട് സന്ദർശിക്കുകയും. 22.11.2018 വരെയായി 4400 യൂണിറ്റുകളുടെ സർവ്വേ പൂർത്തീകരിച്ചിട്ടുമുണ്ട്. സർവ്വേയിൽ ഓരോ യൂണിറ്റിനും പ്രളയം മൂലം സംഭവിച്ച നാശ നഷ്ടങ്ങൾ സ്ഥലം, കെട്ടിടം, പ്ലാന്റ്, മെഷിനറി, അസംസ്കൃത വസ്തുക്കൾ, ഉത്പന്നങ്ങൾ എന്നിവ പ്രത്യേകമായി കണക്കാക്കുന്നതാണ്. 30.11.2018 -ന് സർവ്വേ പൂർത്തിയാക്കാനായ് ഉദ്ദേശിക്കുന്നു. സർവ്വേ പൂർത്തിയാകുന്നതോടെ നാശനഷ്ടം സംബന്ധിച്ച വ്യക്തമായ കണക്ക് ലഭിക്കുന്നതാണ്. |
| സി) | നാശനഷ്ടം കണക്കാക്കുമ്പോൾ കെട്ടിടത്തകർച്ച, വസ്തുക്കളുടെ നാശം എന്നിവ കൂടി പരിഗണിക്കുവാൻ ആവശ്യമായ നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ